"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനം - എൽ.എ.ആർ. 132/10-മേലുള്ള ബാലൻസ് തുക കക്ഷികൾക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.424/2025/LSGD തീയതി,തിരുവനന്തപുരം, 11-02-2025

---

പരാമർശം:-
1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23.11.2024-ലെ DCTVM/10805/2024-K9 നമ്പർ കത്ത്.
2. സ.ഉ.(സാധാ)നം.2499/2024/തസ്വഭവ തീയതി 19.12.2024
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23.12.2024, 09.01.2025, 20.01.2025 തീയതികളിലെ എ3/2347/2019/ട്രിഡ നമ്പർ കത്തുകൾ.
4. സ.ഉ.(സാധാ)നം.412/2025/ധന തീയതി 16.01.2025

ഉത്തരവ്

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ -ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി വഞ്ചിയൂർ വില്ലേജിലെ സർവ്വേ നമ്പർ 813/21-പ്പെട്ടതും ശ്രീ.കെ.രാമയ്യൻ & അദേഴ്സ്-ന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.43 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 132/10 നമ്പർ കേസിൽ തിരുവനന്തപുരം സബ് കോടതിയുടെ ഉത്തരവിനെത്തുടർന്ന് എൽ.എ.ഒ-യുടെ കണക്കുവിവരപ്പട്ടിക പ്രകാരമുള്ള നഷ്ട പരിഹാരത്തുകയായ 1,13,864/-രൂപ കക്ഷിക്ക് അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ.132/10-ലെ ഒന്നാം കക്ഷിയായ ശ്രീ.രാമയ്യൻ മരണപ്പെട്ടിട്ടുള്ളതിനാൽ, ബാലൻസ് തുകയായ 1,13,864/-രൂപ യഥാക്രമം രണ്ട്, മൂന്ന്, നാല് കക്ഷികളായ ശ്രീമതി കൃഷ്ണാവേണി (W/o Late Ramayyan), ശ്രീ.സുബ്രഹ്മണ്യൻ, ശ്രീ.ദേവരാജൻ.എൻ എന്നിവർക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി ഉത്തരവാകുകയും പരാമർശം (4) പ്രകാരം 1,14000/- രൂപ "4217-60-800-93-Payment of compensation in LAR cases" എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റേയും അധിക ധനാനുമതിയുടേയും അടിസ്ഥാനത്തിൽ പാറ്റൂർ -ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ ശ്രീ.കെ.രാമയ്യൻ & അദേഴ്സ്-ന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.43 ആർ സ്ഥലം

ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 132/10 നമ്പർ കേസിലെ ബാലൻസ് തുകയായ 1,13,864/-രൂപ (ഒരു ലക്ഷത്തി പതിമൂവായിരത്തി എണ്ണൂറ്റി അറുപത്തിനാല് രൂപാ മാത്രം) "4217-60-800-93-Payment of compensation in LAR cases" എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച തുകയിൽ നിന്നും യഥാക്രമം രണ്ട്, മൂന്ന്, നാല് കക്ഷികളായ ശ്രീമതി കൃഷ്ണവേണി (W/o Late Ramayyan), ശ്രീ.സുബ്രഹ്മണ്യൻ, ശ്രീ.ദേവരാജൻ.എൻ എന്നിവർക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
Smt Krishnaveni, W/o R.N.Swamy, House No.51, Pandarathopu, Sreekandeswaram.(ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
Sri. Ramasubramaniyan, T.C.28/1228, Swara.64, Sreekandeswaram, Thiruvananthapuram. (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
Sri. Devarajan S.N., T.C.28/1228, Swara.64, Sreekandeswaram, Thiruvananthapuram. (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനവകുപ്പ് (WCD-3/272/2024-ധന(2265834), dated 23.01.2025)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 11-02-2025 14:37:59

സെക്ഷൻ ഓഫീസർ